# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3389 08/11/2019-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷൻ മുഖേന അനുവദിച്ച വീടുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | ലൈഫ് മിഷന്റെ ഭാഗമായി സംസ്ഥാനത്ത് ഭൂരഹിത, ഭവനരഹിത, വാസയോഗ്യമായ വീടില്ലാത്തവർ എന്നിവരുടെ സർവേ നടത്തിയിട്ടുണ്ടോ ;പ്രസ്തുത സർവേ പ്രകാരം ഈ മൂന്ന വിഭാഗത്തിലായി എത്ര കുടുംബങ്ങളാണ് ഉള്ളത്;വിശദമാക്കാമോ | എ), | 2017-ൽ ലൈഫ് മിഷൻ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ ഭൂമിയുള്ള ഭവനരഹിതരായി 1,74,390 ഗുണഭോക്താക്കളെയും ഭൂരഹിത ഭവനരഹിതരായി 3,37,416 ഗുണഭോക്താക്കളെയുമാണ് കണ്ടെത്തിയിട്ടുള്ളത്. വാസയോഗ്യമായ വീടില്ലാത്തവരുടെ സർവ്വേ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| ബി) | ലൈഫ് മിഷൻ മുഖേന എത്ര പേർക്കാണ് പുതുതായി വീട് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ട്; വ്യക്തമാക്കാമോ | ബി) | ലൈഫ് മിഷൻ ഒന്നാംഘട്ടമായ പൂർത്തീകരിക്കുവാനുണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണ വിഭാഗത്തിൽ 54,260 വീടുകളും രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ 97,312 വീടുകളുമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഒന്നാംഘട്ടത്തിൽ 51,831 വീടുകളും രണ്ടാംഘട്ടത്തിൽ 48,759 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതിയിൽ 26,015 വീടുകളും. പി.എം.എ.വൈ (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ 16,229 വീടുകളും ഉൾപ്പെടെ 1,42,834 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| സി) | 2009 -2011 കാലയളവിൽ സംസ്ഥാനത്ത് വിവിധ ഭവന പദ്ധതികൾ വഴി എത്ര പേർക്ക് പുതുതായി വീട് അനുവദിച്ചു നൽകിയിട്ടുണ്ട്; | സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ഡി) | ഭൂരഹിത ഭവനരഹിത വിഭാഗത്തിൽപെടാത്ത ഭവനരഹിതരായിട്ടുള്ള എത്ര പേർക്കാണ് ലൈഫ് മിഷൻ വഴി പുതുതായി വീട് അനുവദിച്ചിട്ടുള്ളത് വിശദമാക്കാമോ? | ഡി) | ഭൂരഹിത ഭവനരഹിത വിഭാഗത്തിൽപെടാത്ത ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ള 97,312 പേർക്കാണ് പുതുതായി വീട് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ